# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: ജി. സന്തോഷ്)

## സംഗ്രഹം

ക്ഷേത്ര ജീവനക്കാരുടെ ഗ്രാറ്റുവിറ്റി തുക, ടെർമിനൽ സറണ്ടർ ദിനങ്ങൾ എന്നിവ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 12932/12/Est-2** നന്തൻകോട്, 2/5/2015

---

പരാമർശം :- (1) 01-07-2011 ലെ ROC 6200/2011/Est-1 നമ്പർ ബോർഡുത്തരവ്.

(2) തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട് പ്രതിനിധികളുമായി 03-06-2013 -ൽ നടത്തിയ ചർച്ച.

(3) ദേവസ്വം കമ്മീഷണറുടെ 06-08-2014 ലെ ROC 71/14/Est നമ്പർ റിപ്പോർട്ട്.

(4) തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട് പ്രതിനിധികളുമായി ബോർഡ് 29-04-2015 -ൽ നടത്തിയ ചർച്ച.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 01-07-2011 ന്ശേഷം ജോലിയിൽ നിന്നും വിരമിക്കുന്ന ക്ഷേത്ര ജീവനക്കാർക്ക് 2,50,000 രൂപ ഗ്രാറ്റുവിറ്റി തുകയും 150 ദിവസത്തെ ടെർമിനൽ സറണ്ടറും പരാമർശം (ഒന്ന്) പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ഇവ വർദ്ധിപ്പിക്കണമെന്ന് പരാമർശം (രണ്ട്) പ്രകാരം നടത്തിയ ചർച്ചയിൽ ആവശ്യപ്പെട്ടു. വിഷയം സംബന്ധിച്ചുള്ള പരാമർശം (മൂന്ന്) -ൽ ക്ഷേത്ര ജീവനക്കാരുടെ ടെർമിനൽ സറണ്ടർ ആനുകൂല്യം 150 ദിവസത്തിൽ നിന്നും 200 ദിവസമാക്കുന്നതിനും, ഗ്രാറ്റുവിറ്റി തുകയുടെ പരിധി 2.50 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയാക്കുന്നതിനും ശുപാർശ ലഭിച്ചു.

തുടർന്ന്, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട് പ്രതിനിധികളുടെ ആവശ്യങ്ങൾ സംബന്ധിച്ചുള്ള കമ്മീഷണറുടെ ശുപാർശയിന്മേൽ ടി സംഘടന പ്രതിനിധികളുമായി നടന്ന ചർച്ചയുടെ (പരാമർശം - നാല്) അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരുടെ ഗ്രാറ്റുവിറ്റി തുക പരമാവധി 3 ലക്ഷം (മൂന്ന് ലക്ഷം മാത്രം) ആയും ടെർമിനൽ സറണ്ടർ പരമാവധി 200 (ഇരുന്നൂറ് മാത്രം) ദിവസമായും വർദ്ധിപ്പിച്ച് ബോർഡുത്തരവായിരിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി
(അസിസ്റ്റന്റ് സെക്രട്ടറി,
'സി' സെക്ഷൻ,
ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. ജോയിന്റ് ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്

SK